കേരള സാഹിത്യ അക്കാദമി
തൃശൂർ

# കേരളത്തിൽ സ്ത്രീ-ദലിത് നാടകവേദിയില്ല

## എം.എൻ.കാരശ്ശേരി

തൃശൂർ : അഹിംസയെ ഗാന്ധി ഏറ്റവും വലിയ സർഗാത്മകസമരരൂപമാക്കിയെന്ന് എം.എൻ.കാരശ്ശേരി. ആത്മാർത്ഥതയും സത്യസന്ധതയും ജനങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്ന മാനവികബോധവും ഉൾച്ചേർന്നതാണ് ഗാന്ധിജിയുടെ സമരരൂപങ്ങളെന്നും അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവവേദിയിൽ നടത്തിയ സമരമുഖങ്ങളിലെ സർഗാത്മകത എന്ന സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

വെറുപ്പ് ഉൽപാദിപ്പിക്കുന്നതാകരുത് സമരങ്ങളെന്ന് ഗാന്ധി നിഷ്കർഷിച്ചു. അദ്ദേഹം ഉപ്പ് കുറുക്കുമ്പോഴും സത്യഗ്രഹമനുഷ്ഠിക്കുമ്പോഴും ലക്ഷക്കണക്കിന് ജനങ്ങൾ അദ്ദേഹത്തോടൊപ്പം മനസ്സ് ചേർത്തുവെച്ചു. പതിനായിരക്കണക്കിന് വീടുകളിലാണ് ജനങ്ങൾ ഗാന്ധിക്കൊപ്പം നിരാഹാരമനുഷ്ഠിച്ചത്. എകെജിയുടെ പട്ടിണിജാഥയോടും പതിനായിരങ്ങൾ ഇതേ വൈകാരികതയോടെ പിന്തുണയറിയിച്ചു. സ്നേഹപൂർണവും മനുഷ്യവേദനയകറ്റാനുള്ള ആർജ്ജവവുമുള്ള സമരരൂപങ്ങളെല്ലാംതന്നെ സർഗാത്മകമായിരിക്കുമെന്നും കാരശ്ശേരി പറഞ്ഞു.

നമുക്കൊരു സ്ത്രീനാടകവേദിയില്ല. അതുപോലെ ദലിത്-പരിസ്ഥിതി നാടകവേദികളും നമുക്കില്ല. അത്തരം പ്രശ്നങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്ന പ്രസ്ഥാനങ്ങൾ ഇവിടെയില്ല എന്നതാണ് അതിന് കാരണം. മതങ്ങൾ വിമർശനാതീതമാണ് എന്ന തെറ്റായ സന്ദേശമാണ് രാജ്യമെങ്ങും മുഴങ്ങുന്നത്. ഭയം നാട് ഭരിക്കുന്ന ഭരണവ്യവസ്ഥയാണിവിടെ. എല്ലാ വിമർശനങ്ങളും മതവിമർശനത്തിൽ നിന്നാരംഭിക്കണമെന്ന യാഥാർത്ഥ്യം ഉയർത്തിപ്പിടിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ശ്രീനാരായണഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠയാണ് കേരളം കണ്ട ഏറ്റവും വലിയ സർഗാത്മക സമരമെന്ന് അധ്യക്ഷപ്രസംഗത്തിൽ അശോകൻ ചരുവിൽ പറഞ്ഞു. കേരളീയസമൂഹത്തെ മുന്നോട്ട് നയിക്കുന്നതിൽ ഇത്രയും ലളിതവും സമഗ്രവും ധീരവുമായ സമരരൂപം വേറൊന്നില്ല. വെറുമൊരു പാറക്കഷണം മുങ്ങിയെടുത്താണ് നൂറ്റാണ്ടുകളായി നിലവിലുണ്ടായിരുന്ന സവർണമേധാവിത്വത്തെ ഗുരു തള്ളിക്കളഞ്ഞത്. കേരളം ഇന്നത്തെ കേരളമായത് ജനങ്ങളുടെ സർഗാത്മകസമരങ്ങളിലൂടെയാണെന്നും അദ്ദേഹം പറഞ്ഞു. അക്കാദമിയംഗം മങ്ങാട് ബാലചന്ദ്രനും രവി കേച്ചേരിയും സംസാരിച്ചു.

തുടർന്ന്, സി.എസ്.പ്രേംകുമാർ സംവിധാനം ചെയ്ത് രംഗചേതന അവതരിപ്പിച്ച എൻ.എൻ.പിള്ളയുടെ ഞാൻ സ്വർഗത്തിൽ അഥവാ ഒരു ഭയങ്കരനാടകം അരങ്ങേറി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
07.04.2017